(13) മൂവാറ്റുപുഴ താലൂക്ക് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

ശ്രീ. ജോണി നെല്ലൂർ: സർ, എന്റെ നിയോജകമണ്ഡലം ആസ്ഥാനമായ മൂവാറ്റുപുഴയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പണിയണമെന്നുള്ളത് വളരെക്കാലമായ ആഗ്രഹമാണ്. അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് സ്ഥലം കൈമാറ്റം നടത്തിയിട്ടുണ്ട്. അടിയന്തിരമായി മിനി സിവിൽ സ്റ്റേഷൻ പണിയാനാവശ്യമായ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഇതിന്റെ മണ്ണുപരിശോധന, ഡ്രായിംഗ്, വിശദമായ എസ്റ്റിമേറ്റ് എന്നിവ പൂർത്തിയായിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് സ്ഥലം കൈമാറ്റം ചെയ്തുകിട്ടുന്ന മുറയ്ക്ക് ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി പണി ആരംഭിക്കാൻ ശ്രമിക്കുന്നതാണ്.

(14) മത്സ്യബന്ധന തുറമുഖങ്ങളിൽ അനുഭവപ്പെടുന്ന തടസ്സം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പൊന്നാനി പോലുള്ള മത്സ്യബന്ധന തുറമുഖങ്ങളിൽ, യഥാസമയം ഡ്രെഡ്ജിംഗ് നടക്കാത്തതുകൊണ്ട് ട്രോളിംഗ് നിരോധന ശേഷവും മത്സ്യബന്ധനത്തിനായി തോണികൾ കടലിലിറക്കാൻ കഴിയുന്നില്ല. തുറമുഖം പട്ടിണിയിലാണ്. മത്സ്യബന്ധന തുറമുഖങ്ങളിലെ ഡ്രെഡ്ജിംഗ് അടിയന്തിരമായി പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, ചേറ്റുവ, പൊന്നാനി, അഴീക്കൽ എന്നിവയുൾപ്പെടെയുള്ള മത്സ്യബന്ധന തുറമുഖങ്ങളിൽ ചില കാലങ്ങളിൽ മണ്ണിടിഞ്ഞ് ആഴം കുറയുന്ന പ്രതിഭാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തരണം ചെയ്യുന്നതിനുവേണ്ടി അടിയന്തിര ഘട്ടങ്ങളിൽ ഫണ്ട് ലഭ്യത അനുസരിച്ച് അഴിമുഖങ്ങളിൽ ഡ്രെഡ്ജിംഗ് നടത്താറുണ്ട്. പൊന്നാനി അഴിമുഖത്തെ മണ്ണിടിയൽ സറായിയായി ഒഴിവാക്കുന്നതിനും ആഴമുള്ള സ്ഥാനം ലഭ്യമാക്കുന്നതിനും വേണ്ടി തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം പുരോഗമിച്ചുവരുന്നു. പുലിമുട്ടും മറ്റു അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് 2,759 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുവാദം കൊടുത്തിട്ടുണ്ട്.

(15) കയർത്തൊഴിലാളികൾക്ക് ഓണത്തിന് ഉത്സവബത്ത അനുവദിക്കുന്നതു സംബന്ധിച്ച്

ഡോ. തോമസ് ഐസക്: സർ, ഭൂരിപക്ഷം കയർ സഹകരണ സംഘങ്ങളും അടച്ചുപൂട്ടികിടക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കയർ തൊഴിലാളികൾക്ക്, പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറി തൊഴിലാളികൾക്ക് നൽകുന്ന മാതൃകയിൽ ഒരു ഫെസ്റ്റിവൽ അലവൻസ് നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly